"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നതവിദ്യാഭ്യാസം - എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(കൈ) നം.436/2025/HEDN തീയതി,തിരുവനന്തപുരം, 22-06-2025

---

പരാമർശം:-

1. എൽ.ബി.എസ് ഡയറക്ടറുടെ 09.12.2024, 28.03.2025, 09.05.2025 തീയതികളിലെ ബി3/3168/2024 നമ്പർ കത്ത്
2. 19.09.2023 ൽ ചേർന്ന 111 - ാമത് എൽ.ബി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗതീരുമാനം

**<u>ഉത്തരവ്</u>**

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയിൽ നിലവിൽ ഉപയോഗിക്കുന്ന 2014 ൽ വാങ്ങിയ ഫോക്സ് വാഗൺ ജെറ്റ കാറിന്റെ പരിപാലന ചെലവ് വളരെ ഉയർന്നതാണെന്നും ഹൈക്കോടതി ഉൾപ്പെടെ കേരളത്തിലുടനീളം വിവിധ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഉൾക്കൊള്ളുന്ന മെറ്റൽ ബോക്സുകളും മറ്റും കൊണ്ടുപോകേണ്ടിവരുന്നതിനാൽ എൽ.ബി.എസ് സെന്ററിന്റെ യാത്രാ, ബിസ്സിനസ്സ് ആവശ്യങ്ങൾക്കായി 12.91 ലക്ഷം രൂപ വിലയുള്ള ടൊയോട്ട ഹൈറൈഡർ-എസ് എന്ന പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എൽ.ബി.എസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു. എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയിൽ നിലവിൽ ഉപയോഗിക്കുന്ന ഫോക്സ് വാഗൺ ജെറ്റ കാറിന്റെ അറ്റകുറ്റപണികൾ/ പരിപാലനം സർക്കാരിന് സാമ്പത്തികമായി ലാഭകരമല്ലെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ (PWD) മെക്കാനിക്കൽ ഡിവിഷൻ, തിരുവനന്തപുരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ വാഹനം ഉപയോഗയോഗ്യമല്ലെന്ന് കണ്ടെത്തിയാൽ ഒഴിവാക്കുവാൻ എൽ.ബി.എസ് സെന്ററിന്റ എക്സിക്യൂട്ടീവ് കമ്മിറ്റിയും നിർദ്ദേശിച്ചിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.ബി.എസ് സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശയുടെയും എൽ.ബി.എസ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിന്റെയും അടിസ്ഥാനത്തിൽ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി (for passenger traffic and business purposes) 12.91 ലക്ഷം രൂപ വിലയുള്ള ടൊയോട്ട ഹൈറൈഡർ - എസ് എന്ന പുതിയ വാഹനം വാങ്ങുന്നതിന് എൽ.ബി.എസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു. വാഹനം വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയുടെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഷർമിള മേരി ജോസഫ്

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
ധനകാര്യവകുപ്പ് (3051894/EDN-B2/18/2025-FIN dated. 16/04/2025 &14/05/2025)
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ , ഐ & പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ജെ1/400/2024/ഉ.വി.വ)

ഉത്തരവിൻ പ്രകാരം

Signed by
Deepa N S
സെക്ഷൻ ഓഫീസർ
Date: 23-06-2025 12:09:36

<u>പകർപ്പ്</u>
ബഹു. ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി. എസിന്